# നോട്ടീസ് നല്കി നാല് വർഷം കഴിഞ്ഞ് പൂർത്തിയാക്കിയ നികുതിനിർണ്ണയം നിയമപ്രകാരം നിലനില്ക്കില്ല

## കേരള ഹൈക്കോടതി

I.T.A. No. 419/2009 Dt. 20.10.2017

കമ്മീഷണർ ഓഫ് ഇൻകം ടാക്സ്

x

പി. പ്രേംകുമാർ

മോട്ടോർ ഏക്സിഡന്റ്സ് ക്ലെയിംസ് ട്രൈബ്യൂണൽ മുമ്പാകെ പ്രാക്ടീസ് ചെയ്യുന്ന അഭിഭാഷകനാണ് നികുതിദായകൻ. 1991 മുതൽ 1995 വരെയുള്ള സാമ്പത്തിക വർഷങ്ങളിൽ മാത്രമാണ് അദ്ദേഹം ആദായത്തിന്റെ റിട്ടേണുകൾ സമർപ്പിച്ചത്. വർഷങ്ങൾക്കു ശേഷം അതായത്, 2000-ൽ മൊഹമ്മദ് റഫീക്ക് എന്നയാളുടെ വ്യാപാര സ്ഥാപനത്തിൽ തെരച്ചിൽ നടത്തിയപ്പോൾ അതോടനുബന്ധിച്ച് അഭിഭാഷകനായ നികുതിദായകന്റെ വസതിയിലും തെരച്ചിൽ നടത്തി. തുടർന്ന് 2001-ൽ നോട്ടീസ് നല്കിയതിനു ശേഷം അഭിഭാഷകന്റെ ആദായ നികുതി നിർണ്ണയിച്ച് നികുതി നിർണ്ണയോദ്യോഗസ്ഥൻ ഉത്തരവിറക്കി. ഇതിനെതിരെ നികുതിദായകൻ ഇൻകം ടാക്സ് കമ്മീഷണർ മുമ്പാകെ അപ്പീൽ സമർപ്പിച്ചു. ചില നിർദ്ദേശങ്ങളോടെ അപ്പീലധികാരി കേസ് നികുതി നിർണ്ണയോദ്യോഗസ്ഥന് തിരിച്ചയച്ചു. 1991 മുതൽ 2001 വരെയുള്ള കാലയളവിൽ അഭിഭാഷകന്റെ വെളിപ്പെടുത്താത്ത ആദായം 2,02,71,670 രൂപയാണെന്ന് നികുതി നിർണ്ണയ ഉദ്യോഗസ്ഥൻ നിശ്ചയിച്ചു. അതിന് നികുതിയും സർച്ചാർജ്ജും പലിശയുമുൾപ്പെടെ 1,68,63,390 രൂപ നികുതിദായകൻ നല്കണമെന്ന് ഉദ്യോഗസ്ഥൻ വിധിച്ചു. ഇതിനെതിരെ നികുതിദായകൻ ഇൻകം ടാക്സ് കമ്മീഷണർ മുമ്പാകെ വീണ്ടും അപ്പീൽ സമർപ്പിച്ചെങ്കിലും കമ്മീഷണർ കീഴുദ്യോഗസ്ഥന്റെ ഉത്തരവ് ശരിവയ്ക്കുകയാണു ചെയ്തത്. തുടർന്ന് നികുതിദായകൻ ഇൻകം ടാക്സ് അപ്പലേറ്റ് ട്രൈബ്യൂണലിൽ അപ്പീൽ നല്കി. നികുതിദായകന് അഭിഭാഷകവൃത്തിയിൽ നിന്ന് വരുമാനമുണ്ടായി എന്നു തെളിയിക്കാൻ നികുതി വകുപ്പിന് സാധിച്ചില്ലെന്നും മറ്റും ചൂണ്ടിക്കാട്ടിയ ട്രൈബ്യൂണൽ ഇൻകം ടാക്സ് കമ്മീഷണറുടെയും നികുതി നിർണ്ണയോദ്യോഗസ്ഥന്റെയും ഉത്തരവുകൾ റദ്ദാക്കി. ഇതിനെതിരെ ഇൻകം ടാക്സ് കമ്മീഷണർ ഹൈക്കോടതിയിൽ അപ്പീൽ സമർപ്പിച്ചു. നികുതി നിർണ്ണയോദ്യോഗസ്ഥന് നിർദ്ദേശങ്ങൾ നല്കാൻ ഇൻകം ടാക്സ് കമ്മീഷണർക്ക് അധികാരമില്ലെന്ന് ഹൈക്കോടതി നിരീക്ഷിച്ചു. ഇൻകം ടാക്സ് കമ്മീഷണർ നിയമവിരുദ്ധമായാണ് നികുതി നിർണ്ണയോദ്യോഗസ്ഥന്റെ മേൽ അധികാരം പ്രയോഗിച്ചതെന്ന് ഹൈക്കോടതി വിലയിരുത്തി. 2000-ൽ തെരച്ചിൽ നടത്തുകയും 2001-ൽ നോട്ടീസ് നല്കുകയും ചെയ്തതിനു ശേഷം 2005-ൽ നികുതി നിർണ്ണയം പൂർത്തിയാക്കിയത് കാലഹരണദോഷമുള്ളതാണെന്നും നിയമപ്രകാരം നിലനില്ക്കില്ലെന്നും ഹൈക്കോടതി പ്രഖ്യാപിച്ചു. നോട്ടീസ് നല്കി രണ്ട് വർഷത്തിനുള്ളിൽ പൂർത്തിയാക്കാത്ത നികുതി നിർണ്ണയം റദ്ദാക്കിയ ഹൈക്കോടതി ഇൻകം ടാക്സ് അപ്പലേറ്റ് ട്രൈബ്യൂണലിന്റെ വിധി ശരിവയ്ക്കുകയും ഇൻകം ടാക്സ് കമ്മീഷണറുടെയും നികുതി നിർണ്ണയോദ്യോഗസ്ഥന്റെയും ഉത്തരവുകൾ റദ്ദാക്കുകയും ചെയ്തു.